# കേരളസർവകലാശാല

നം.പി.ആർ.116 (a)/2023 തിരുവനന്തപുരം, തീയതി: 12/06/2023

## പത്രക്കുറിപ്പ്

## ഡോ.ജി.പത്മറാവു സ്മാരക ദേശീയപുരസ്കാരം

കേരളസർവകലാശാല മലയാളവിഭാഗം അധ്യക്ഷനും ഓറിയന്റൽ ഫാക്കൽറ്റി ഡീനും താരതമ്യസാഹിത്യവിമർശകനുമായ പ്രൊഫ.ജി.പത്മറാവുവിന്റെ സ്മരാണാർത്ഥമുള്ള മികച്ച എം.എ. മലയാളം പ്രോജക്ടിനുള്ള പ്രഥമ ദേശീയപുരസ്കാരം ശ്രീ.എം.സൂരജിന്. (Rs.10,000/-) പതിനായിരം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മദ്രാസ് സർവകലാശാലയിൽ 'തത്സമയ കായിക സംപ്രേഷണ മലയാളത്തിലെ സങ്കല്പനലക്ഷകങ്ങൾ' എന്ന വിഷയത്തിൽ ഡോ.പി.എം.ഗിരീഷിന്റെ മാർഗനിർദേശത്തിലാണ് ശ്രീ.എം.സൂരജ് പ്രോജക്ട് ചെയ്തത്. ഡോ.വത്സലാ ബേബി, ഡോ.എ.എം.ശ്രീധരൻ, ഡോ.എ.ഷീലാകുമാരി എന്നിവരടങ്ങുന്ന വിദഗ്ധ സമിതിയാണ് പ്രബന്ധങ്ങൾ മൂല്യനിർണ്ണയനം നടത്തിയത്. പുരസ്കാരത്തുക സ്പോൺസർ ചെയ്യുന്നത് പ്രൊഫ. പത്മറാവുവിന്റെ കുടുംബവും മത്സരം, അവാർഡ് സമർപ്പണം എന്നിവ സംഘടിപ്പിക്കുന്നത് മലയാളവിഭാഗവുമാണ്. 2023 ജൂൺ 15 ന് രാവിലെ പത്തു മണിക്ക് നടക്കുന്ന അനുസ്മരണച്ചടങ്ങിൽ പുരസ്കാരം സമർപ്പിക്കും. ഡോ.എസ്.എസ്.ശ്രീകുമാർ മുഖ്യപ്രഭാഷണം നടത്തും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240